## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 995** 05/02/2020-ലെ മറുപടിയ്ക്ക്

## കോട്ടക്കൽ നിയോജകമണ്ഡലത്തിലെ കടിവെള്ള പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. കെ. കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| എ) | കോട്ടക്കൽ നിയോജകമണ്ഡലത്തിലെ കടിവെള്ള പദ്ധതികളുടെ അവലോകനം സംബന്ധിച്ച് 13/06/2019 ൽ ജലവിഭവ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കേരള വാട്ടർ അതോറിറ്റിയെ ചുമതലപ്പെടുത്തിയിരുന്ന കാര്യങ്ങളിൽ എടുത്ത തീരുമാനങ്ങൾ അറിയിക്കുമോ ; | (എ) | കോട്ടക്കൽ നിയോജകമണ്ഡലത്തിലെ കടിവെള്ള പദ്ധതികളുടെ അവലോകനം സംബന്ധിച്ച് 13/06/2019 ൽ ജലവിഭവ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ എടുത്ത തീരുമാനങ്ങളും സ്വീകരിച്ച നടപടികളും അനുബന്ധമായി ചേർത്തിരിക്കുന്നു. |
| | തിരുനാവായ പദ്ധതിയിൽ നിന്നും വളാഞ്ചേരിയിലെ ഉയർന്ന പ്രദേശങ്ങളിലേയ്ക്ക് കടിവെള്ള വിതരണം ചെയ്യാൻ കഴിയുന്നതിനുള്ള സാങ്കേതിക പരിശോധന നടത്തി സാദ്ധ്യത കണ്ടെത്തണമെന്ന കാര്യത്തിൽ എടുത്ത നടപടികൾ വെളിപ്പെടുത്താമോ ; | | തിരുനാവായ പദ്ധതിയിൽ നിന്നും വളാഞ്ചേരിയിലെ ഉയർന്ന പ്രദേശങ്ങളിലേയ്ക്ക് കടിവെള്ള വിതരണം ചെയ്യുന്നതിനുള്ള സാങ്കേതിക പരിശോധന ഡിസംബർ മാസത്തിൽ മലപ്പുറം ജല അതോറിറ്റിയിലെ ഉദ്യോഗസ്ഥർ നടത്തിയിരുന്നു. ടി ജല വിതരണം സാങ്കേതികമായി സാധ്യമാണെങ്കിലും അത് നിലവിലെ തിരുനാവായ പദ്ധതിയെ സാരമായി ബാധിക്കുമെന്നതിനാൽ ടി വിപുലീകരണം പ്രായോഗികമല്ല. എന്നാൽ വളാഞ്ചേരി മുനിസിപ്പാലിറ്റിയെ പൂർണ്ണമായും ഉൾപ്പെടുത്തി കൊണ്ട് വിഭാവനം ചെയ്ത ഇരിമ്പിളിയം, എടയൂർ പഞ്ചായത്തുകൾക്കും വളാഞ്ചേരി മുനിസിപ്പാലിറ്റിക്കും വേണ്ടിയുള്ള സമഗ്ര കടിവെള്ള പദ്ധതിയുടെ ഉൽപ്പാദന ഘടകങ്ങളുടെ ടെൻഡർ നടപടികൾ മലപ്പുറം പ്രോജക്ട് ഡിവിഷൻ പൂർത്തിയാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതി നിലവിൽ വരുന്നതോടുകൂടി വളാഞ്ചേരി മുനിസിപ്പാലിറ്റിയുടെ ഉയർന്ന പ്രദേശത്തെ ജല ദൗർലഭ്യത്തിന് ശാശ്വത പരിഹാരമാകുന്നതാണ്. |
| | കോട്ടക്കൽ മുനിസിപ്പാലിറ്റിക്ക് വേണ്ടി ഒരു സമ്പൂർണ്ണ കടിവെള്ള വിതരണ ശൃംഖല ഉൾപ്പെടുത്തി പൂർണ്ണമായും നടപ്പിലാക്കുന്ന തരത്തിൽ വിഭാവനം ചെയ്ത് കൊണ്ട് ഒരു പദ്ധതി തയ്യാറാക്കണമെന്ന കാര്യത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ ; | | ഭൂതപ്പുഴ സ്രോതസ്സായി കോട്ടക്കൽ മുനിസിപ്പാലിറ്റിയ്ക്ക് വേണ്ടി ഒരു സമഗ്ര കടിവെള്ള പദ്ധതിയുടെ പ്രാഥമിക രൂപരേഖ തയ്യാറാക്കി വരുന്നു. |
| | കോട്ടക്കൽ മുനിസിപ്പാലിറ്റിയിലെ പാണ്ടമംഗലം കടിവെള്ള പദ്ധതി,കോട്ടക്കൽ - പറപ്പൂർ കടിവെള്ള പദ്ധതി എന്നിവയിലെ മോട്ടോർ അടിക്കടി കേടാകുന്നത് സംബന്ധിച്ച് നടപടി സ്വീകരിക്കണമെന്ന കാര്യത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ; | | കോട്ടക്കൽ - പറപ്പൂർ കടിവെള്ള പദ്ധതിക്ക് വേണ്ടി രണ്ട് പുതിയ പമ്പ്സെറ്റുകൾ സ്ഥാപിച്ച് പമ്പിംഗ് നടത്തി വരുന്നു. |
| | തോക്കാൻപാറ പ്രദേശത്ത് റോഡിൻറെ വശങ്ങളിലെ പൈപ്പ് മാറ്റി സ്ഥാപിക്കുന്നത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ അറിയിക്കുമോ; | | തോക്കാൻപാറ പ്രദേശത്ത് റോഡിന്റെ വശങ്ങളിൽ പൈപ്പ് സ്ഥാപിക്കുന്നതിനായി ദർഘാസ് ക്ഷണിച്ച് പ്രവൃത്തി ഏൽപ്പിച്ചിട്ടുള്ളതാണ്. പ്രസ്തുത പദ്ധതിക്കായി പൊതുമരാമത്ത് വകുപ്പ് റോഡ് പുനരുദ്ധാരണ ചാർജായി 25,37,604/- രൂപ ആവശ്യപ്പെട്ടിട്ടുണ്ട്. സർക്കാരിൽ നിന്നും ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്. |

Renuka Sankar
സെക്ഷൻ ഓഫീസർ

**13.06.2019, 2.40 മണിക്ക് ബഹു. ജലവിഭവ വകുപ്പ് മന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടി അവർകളുടെ അദ്ധ്യക്ഷതയിലും ബഹു. കോട്ടയ്ക്കൽ നിയോജകമണ്ഡലം എം.എൽ.എ. ശ്രീ. ആബിദ് ഹുസൈൻ തങ്ങൾ അവർകളുടെ സാന്നിദ്ധ്യത്തിലും നിയമസഭ മന്ദിരത്തിലെ മന്ത്രിയുടെ ചേമ്പറിൽ കുറ്റിപ്പുറം കാങ്കകടവ് റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണം, കുടിവെള്ള പദ്ധതികൾ എന്നിവ സംബന്ധിച്ച് നടത്തിയ അവലോകന യോഗത്തിന്റെ തുടർ നടപടികൾ.**

| തീരുമാനം നമ്പർ | വിഷയം | യോഗ തീരുമാനം | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | ഇരുമ്പിളിയം - വളാഞ്ചേരി കുടിവെള്ള പദ്ധതി | ഇരുമ്പിളിയം - വളാഞ്ചേരി കുടിവെള്ള പദ്ധതിയിൽ (കിഫ്ബി) എം.എൽ.എ.യുടെ ആവശ്യപ്രകാരമുള്ള ഘടകങ്ങൾ ഉൾപ്പെടുത്തുവാൻ കഴിയുമോ എന്ന് പരിശോധിക്കുവാനും എം.എൽ.എ ഫണ്ട്, പഞ്ചായത്ത് ഫണ്ട് എന്നിവ ഇതിനായി കണ്ടെത്താൻ കഴിയുമോ എന്നും പരിശോധിക്കേണ്ടതാണ്. | ബഹു. എം എൽ എയുടെ ആവശ്യപ്രകാരമുള്ള ഘടകങ്ങൾ നിലവിലെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ സാധിക്കാത്തതിനാൽ അടുത്ത സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തുന്നതിന് വേണ്ടിയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |
| 2 | തിരുനാവായ പദ്ധതിയിൽ നിന്നും വളാഞ്ചേരിയിലെ ഉയർന്ന പ്രദേശങ്ങളിലേയ്ക്ക് കുടിവെള്ള വിതരണം ചെയ്യുന്നത് സംബന്ധിച്ച് | തിരുനാവായ പദ്ധതിയിൽ നിന്നും വളാഞ്ചേരിയിലെ ഉയർന്ന പ്രദേശങ്ങളിലേയ്ക്ക് കുടിവെള്ള വിതരണം ചെയ്യാൻ കഴിയുന്നതിനുള്ള സാങ്കേതിക പരിശോധന നടത്തി സാധ്യത കണ്ടെത്തേണ്ടതാണ് | തിരുനാവായ പദ്ധതിയിൽ നിന്നും വളാഞ്ചേരിയിലെ ഉയർന്ന പ്രദേശങ്ങളിലേയ്ക്ക് കുടിവെള്ള വിതരണം ചെയ്യുന്നതിനുള്ള സാങ്കേതിക പരിശോധന ഡിസംബർ മാസത്തിൽ മലപ്പുറം ജല അതോറിറ്റിയിലെ ഉദ്യോഗസ്ഥർ നടത്തിയിരുന്നു. ടി ജല വിതരണം സാങ്കേതികമായി സാധ്യമാണെങ്കിലും അത് നിലവിലെ തിരുനാവായ പദ്ധതിയെ സാരമായി ബാധിക്കുമെന്നതിനാൽ ടി വിപുലീകരണം പ്രായോഗികമല്ല. എന്നാൽ വളാഞ്ചേരി മുനിസിപ്പാലിറ്റിയിലെ പൂർണ്ണമായും ഉൾപ്പെടുത്തിക്കൊണ്ട് വിഭാവനം ചെയ്ത ഇരിമ്പിളിയം, എടയൂർ പഞ്ചായത്തുകൾക്കും വളാഞ്ചേരി മുനിസിപ്പാലിറ്റിക്കും വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ ഉൽപ്പാദന ഘടകങ്ങളുടെ ടെൻഡർ നടപടികൾ മലപ്പുറം പ്രോജക്ട് ഡിവിഷൻ പൂർത്തിയാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതി നിലവിൽ വരുന്നതോടുകൂടി വളാഞ്ചേരി മുനിസിപ്പാലിറ്റിയുടെ ഉയർന്ന പ്രദേശത്തെ ജല ദൗർലഭ്യത്തിന് ശാശ്വത പരിഹാരമാകുന്നതാണ്. |
| 3 | കോട്ടയ്ക്കൽ മുൻസിപ്പാലിറ്റിയിലേക്ക് ഒരു സമ്പൂർണ്ണ കുടിവെള്ള പദ്ധതി | കോട്ടയ്ക്കൽ മുൻസിപ്പാലിറ്റിയിലേക്ക് ഒരു സമ്പൂർണ്ണ കുടിവെള്ള പദ്ധതിയ്ക്കായി ഉൽപ്പാദന ഘടകങ്ങൾ മുതൽ വിതരണ ശൃംഖല വരെ ഉൾപ്പെടുത്തി പൂർണ്ണമായും നടപ്പിലാക്കുന്ന തരത്തിൽ വിഭാവനം ചെയ്തുകൊണ്ട് ഡി.പി.ആർ തയ്യാറാക്കേണ്ടതാണ്. | ഭാരതപ്പുഴ സ്രോതസ്സായി കോട്ടയ്ക്കൽ മുനിസിപ്പാലിറ്റിയ്ക്ക് വേണ്ടി ഒരു സമഗ്ര കുടിവെള്ള പദ്ധതിയുടെ പ്രാഥമിക രൂപരേഖ തയ്യാറാക്കി വരുന്നു. |

| | | | |
|---|---|---|---|
| 4 | വെറ്റിട്ടങ്കയം സ്രോതസിൽ അടിക്കടി മോട്ടോർ കേടാകുന്നത് സംബന്ധിച്ച് | കോട്ടയ്ക്കൽ മുൻസിപ്പാലിറ്റിയിലെ പാണ്ടമംഗലം കടിവെള്ള പദ്ധതി, ഡെപ്പോസിറ്റ് പദ്ധതികൾ, കോട്ടക്കൽ-പറപ്പൂർ കടിവെള്ള പദ്ധതിയിലെ വെറ്റിട്ടങ്കയം സ്രോതസിൽ അടിക്കടി മോട്ടോർ കേടാകുന്നത് സംബന്ധിച്ച് ജലഅതോറിറ്റി ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി മുനിസിപ്പാലിറ്റിയിൽ യോഗം വിളിച്ച ചേർക്കേണ്ടതാണ്. | കോട്ടക്കൽ - പറപ്പൂർ കടിവെള്ള പദ്ധതിക്ക് വേണ്ടി രണ്ട് പുതിയ പമ്പ്സെറ്റുകൾ സ്ഥാപിച്ച് പമ്പിംഗ് നടത്തി വരുന്നു. |
| 5 | കോട്ടയ്ക്കൽ മുൻസിപ്പാലിറ്റിയിലെ തോക്കാൻപാറ പ്രദേശത്ത് റോഡിന്റെ വശങ്ങളിലൂടെ പൈപ്പ് മാറ്റി സ്ഥാപിക്കുന്നത് സംബന്ധിച്ച് | കോട്ടയ്ക്കൽ മുൻസിപ്പാലിറ്റിയിലെ തോക്കാൻപാറ പ്രദേശത്ത് റോഡിന്റെ വശങ്ങളിലൂടെ പൈപ്പ് മാറ്റി സ്ഥാപിക്കുന്നത് സംബന്ധിച്ച് ജല അതോറിറ്റിയിലേയും പൊതുമരാമത്തിലേയും ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി മണ്ഡലത്തിൽ എം.എൽ.എ യുടെ അദ്ധ്യക്ഷതയിൽ യോഗം വിളിച്ച ചേർക്കേണ്ടതാണ്. | തോക്കാൻപാറ പ്രദേശത്ത് റോഡിൻറെ വശങ്ങളിൽ പൈപ്പ് സ്ഥാപിക്കുന്നതിനായി ദർഘാസ് ക്ഷണിച്ച് പ്രവൃത്തി ഏൽപ്പിച്ചിട്ടുള്ളതാണ്. പ്രസ്തുത പദ്ധതിക്കായി പൊതുമരാമത്ത് വകുപ്പ് റോഡ് പുനരുദ്ധാരണ ചാർജായി 25,37,604/- രൂപ ആവശ്യപ്പെട്ടിട്ടുണ്ട്. സർക്കാരിൽ ഫണ്ട് നിന്നും ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്. |

Renuka Sankar
Section Officer